ദർശനം


കെ. അശ്റഫ്

# മതം മതേതരത്വം ആധുനികത പുതിയ സംഘർഷങ്ങൾ

## തലാൽ അസദിന്റെ ചിന്താപദ്ധതികൾ അപഗ്രഥിക്കുന്നു

**മുഹമ്മദ്** അസദിന്റെ മകനാണ് തലാൽ അസദ്. മിഡിലീസ്റ്റിന്റെ മതപരിഷ്കരണ പ്രവർത്തനങ്ങളെ കേന്ദ്രീകരിച്ച് മതവും മതേതരത്വവും ഗവേഷണ വിഷയമാക്കുകയാണ് തലാൽ അസദ്. യൂറോ-അമേരിക്കൻ യൂനിവേഴ്സിറ്റികളിൽ അദ്ദേഹം നരവംശ ശാസ്ത്രം പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ആഗോള രാഷ്ട്രീയത്തിന്റെ ഗതിവിഗതികളെ കുറിച്ച് സൂക്ഷ്മ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് മാഗസിനുകളിലും ജേർണലുകളിലും അസദിന്റെ ലേഖനങ്ങൾ/ അഭിമുഖങ്ങൾ പ്രത്യക്ഷപ്പെടാറുണ്ട്. നിരവധി വീഡിയോ അഭിമുഖങ്ങൾ തലാൽ അസദിന്റെതായി ലഭ്യമാണ്. ഗ്രന്ഥകർത്താവും പ്രസംഗകനുമായ തലാൽ അസദ് 2001 സെപ്റ്റംബർ 11നെ തുടർന്നാണ് ലോകമെങ്ങുമുള്ള വായനക്കാരുടെ ശ്രദ്ധയിലേക്ക് കടന്നുവരുന്നത്.

കൃത്യമായ അക്കാദമിക പാത തലാൽ അസദ് മുന്നോട്ടുവെക്കുന്നു. വശങ്ങളിലേക്കും പരപ്പുകളിലേക്കും തെന്നിമാറി കാര്യങ്ങൾ കാണുന്ന സമകാലിക ബൗദ്ധിക ജീവിതത്തിന്, ആഴങ്ങളിൽ ആഴങ്ങളിലേക്ക് നീങ്ങുന്ന സമീപനം പുലർത്തുന്ന തലാൽ അസദ് വമ്പിച്ച ഒരു വിമർശനരേഖ തന്നെയാണ്. സിയാഉദ്ദീൻ സർദാർ, ഹുസൈൻ നസ്ർ, താരിഖ് റമദാൻ തുടങ്ങി സെൽഫ് സ്റ്റൈൽഡ് മുസ്‌ലിം ചിന്തകരേക്കാൾ ജീവിക്കുന്ന കാലത്തെ അതിന്റെ കേന്ദ്രപ്രവണതകളിൽ നിന്നു മനസ്സിലാക്കാനും അതിനനുസൃതമായ ഭാഷയും സംവേദന ക്ഷമതയും വികസിപ്പിച്ചെടുക്കാനും അസദിന് സാധിച്ചിരിക്കുന്നു. ഇറാനിൽ നിന്നുള്ള ഹമീദ് ദബാശ് മാത്രമാണ് തലാൽ അസദിന്റെ വൃത്തത്തിനകത്ത് പരാമർശിക്കാവുന്ന മറ്റൊരു പേര്. അങ്ങനെ സൈദ്ധാന്തികമായ കൃത്യത പുലർത്തുന്ന തലാൽ അസദ് പുതിയകാലത്തെ തനതു ചിന്തയുടെ മൂശയിൽ മനസ്സിലാക്കാൻ ശ്രമിക്കുന്നു.




തലാൽ അസദ്


**കൃത്യമായ അക്കാദമിക പാത തലാൽ അസദ് മുന്നോട്ടുവെക്കുന്നു. വശങ്ങളിലേക്കും പരപ്പുകളിലേക്കും തെന്നിമാറി കാര്യങ്ങൾ കാണുന്ന സമകാലിക ബൗദ്ധിക ജീവിതത്തിന്, ആഴങ്ങളിൽ ആഴങ്ങളിലേക്ക് നീങ്ങുന്ന സമീപനം പുലർത്തുന്ന തലാൽ അസദ് വമ്പിച്ച ഒരു വിമർശനരേഖ തന്നെയാണ്.**

തലാൽ അസദിന്റെ നിരീക്ഷണങ്ങളുടെ മർമപ്രധാനമായ വശം, മത-മതേതരത്വ സംഘർഷങ്ങൾ ഇസ്‌ലാമിന്റെയും പടിഞ്ഞാറൻ ആധുനികതയുടെയും സമന്വയത്തിനകത്ത് രൂപപ്പെടുന്നതെങ്ങനെയെന്നതാണ്. ഇസ്‌ലാമിക മൗലികവാദം-ലിബറൽ മുതൽ ഫണ്ടമെന്റൽ വരെ - പാശ്ചാത്യ ആധുനികതയുടെ ഉള്ളടരുകളിൽ സൃഷ്ടിക്കുന്ന ക്രമരാഹിത്യങ്ങൾ പ്രദാനം ചെയ്യുന്ന സംഘർഷ മൂല്യമാണ് അസദിന്റെ സമീപനങ്ങളിൽ തെളിഞ്ഞുകാണുന്നുത്. ആധുനികതയാണ് തലാൽ അസദ് നിരന്തരം പ്രശ്നവൽക്കരിക്കുന്നത്. ആധുനികതയുടെ സ്വഭാവത്തെ മുന്നോട്ടും പിന്നോട്ടും നിൽക്കാതെ കാണാൻ ശ്രമിക്കുന്നു എന്നതാണ് തലാൽ അസദിന്റെ രചനകളുടെ കാതൽ.

### പ്രധാന പുസ്തകങ്ങൾ

നാലു പുസ്തകങ്ങളാണ് പ്രധാനമായും അസദിന്റെ വാദമുഖങ്ങൾ ഉൾക്കൊള്ളുന്നത്. *ദ കബാബിഷ് അറബ്സ്: പവർ അതോറിറ്റി ആന്റ് കൺസന്റ് ഇൻ എ നൊമാഡിക് ട്രൈബ്* എന്ന പുസ്തകം കൊളോണിയലിസത്തിന്റെ പ്രത്യാഘാതങ്ങൾ ചർച്ച ചെയ്യുന്നു. പടിഞ്ഞാറും പടിഞ്ഞാറിതരരും എന്ന നിർവചനത്തിനകത്തെ കേന്ദ്രം എന്നത് പടിഞ്ഞാറാണ്. കർതൃത്വരൂപീകരണത്തിൽ പടിഞ്ഞാറിതര സംസ്കാരങ്ങളുടെ മേൽ പടിഞ്ഞാറു പുലർത്തുന്ന അധീശ പ്രവണതകളാണ് മുഖ്യമായും അസദ് ചർച്ച ചെയ്യുന്നത്. അസദിന്റെ കാഴ്ചപ്പാടുകൾക്ക് ബലമേകിയാണ് എഡ്വേർഡ് സെയ്ദിന്റെ ഓറിയന്റലിസം കടന്നുവന്നത്. പടിഞ്ഞാറും അപരത്വവും എന്ന സെയ്ദിയൻ വ്യവഹാരത്തെ തലാൽ അസദ് പൂർണമായും ഉൾക്കൊള്ളുന്നു.




**ആധുനികത, പാരമ്പര്യം ഇവയുടെ യൂറോ കേന്ദ്രിതമായ പരിസരത്തുനിന്നു ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ പരിഗണിക്കുമ്പോൾ സംഭവിക്കുന്ന നിരവധി ദൗർബല്യങ്ങളുണ്ട്.**

നരവംശ ശാസ്ത്രത്തിന്റെ പടിഞ്ഞാറു കേന്ദ്രീകൃത വായനയിൽനിന്നു കുതറിമാറിയുള്ള ശൈലിയാണ് *ജീനിയോളജീസ് ഓഫ് റിലീജിയൻ: ഡിസിപ്ലിൻ ആന്റ് റീസൻ ഓഫ് പവർ ഇൻ ക്രിസ്ത്യാനിറ്റി ആന്റ് ഇസ്‌ലാം* എന്ന കൃതിയിൽ. ഉത്തരാധുനികയുടെയും ആഗോളീകരണത്തിന്റെയും പൊതുസ്ഥലിയിൽ ഇസ്‌ലാമിന്റെയും ക്രിസ്റ്റ്യാനിറ്റിയുടെയും നരവംശ ശാസ്ത്രപരമായ സമീപനങ്ങളെ നിരീക്ഷിക്കുകയാണ് ഇവിടെ. മതത്തിന്റെ വംശാവലി രൂപപ്പെടുന്നതിൽ അറിവ്/ അധികാരത്തിന്റെ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു. മതത്തെക്കുറിച്ച് നടന്ന നിരവധി നരവംശ ശാസ്ത്ര പഠനങ്ങളോടുള്ള പ്രതികരണങ്ങളാണ് ഈ പുസ്തകത്തിലെ മിക്ക അധ്യായങ്ങളും. മതത്തിന്റെ ചരിത്രപരമായ നിലനിൽപ്പ് മനസ്സിലാക്കുന്നതിൽ നരവംശശാസ്ത്രപരമായ ന്യായങ്ങൾ അസദ് മുന്നോട്ടുവെക്കുന്നു. മതത്തിന്റെ വംശചരിത്രത്തിന്റെ കലർപ്പെന്നോണം ആധുനികതയുടെയും സെക്യുലരിസത്തിന്റെയും അപനിർമാണത്തിന്റെ സാധ്യതകൾ അന്വേഷിക്കുന്ന *ഫോർമേഷൻ ഓഫ് സെക്യുലർ: ഇസ്‌ലാം ക്രിസ്ത്യാനിറ്റി ആന്റ് മോഡേണിറ്റി* ലേഖന സമാഹാരമാണ്.

*ഓൺ സൂയിസൈഡ് ബോംബിംഗ്* എന്ന പുസ്തകത്തിൽ ഒരു ക്ലാസ് മുറിയിലേക്ക് കൂസലില്ലാതെ കടന്നു വന്ന് ആറു സഹപാഠികളെ വെടിവച്ചു ആത്മഹത്യ ചെയ്ത സ്കൂൾ കുട്ടി മുതൽ ആധുനിക സ്റ്റേറ്റ് നിർമിത ചാവേറുകൾ (സൈനികർ) വരെ കടന്നുവരുന്നു. ആത്മഹത്യാബോംബിന്റെ പുരാവൃത്തം കർക്കശമായി പരിശോധിക്കുന്നു അദ്ദേഹം.

വികേന്ദ്രീകൃത/ അസംഘടിത ഭീകരരെയും സംഘടിത/ സ്റ്റേറ്റ് കേന്ദ്രീകൃത സൈനികരെയും വ്യത്യാസപ്പെടുത്തുന്ന അതിർവരമ്പ് അസദിന്റെ അന്വേഷണങ്ങളുടെ കേന്ദ്ര പ്രമേയമായിരുന്നു. ഇസ്‌ലാമിക് / ക്രിസ്ത്യൻ സംസ്കാരങ്ങൾ, മരണം, ജനനം തുടങ്ങിയ പ്രശ്നങ്ങളിൽ പുലർത്തുന്ന വീക്ഷണങ്ങൾ അസദ് താരതമ്യം ചെയ്യുന്നുണ്ട്. ഇസ്‌ലാമിക ലോകത്തെ ഭീകരതയെ കുറിച്ചു നടക്കുന്ന ചർച്ചകളിൽ ഒഴിവാക്കാൻ പറ്റാത്ത ഒന്നായി ഈ പുസ്തകം അവരോധിക്കപ്പെടുമെന്ന് തീർച്ച.

### പാരമ്പര്യത്തിന്റെ ചരിത്രവും ആധുനികതയുടെ പുനഃക്രമീകരണങ്ങളും

ഇസ്‌ലാമിക പ്രസ്ഥാനങ്ങളെകുറിച്ച് പടിഞ്ഞാറൻ അക്കാദമിക്/ നോൺ അക്കാദമിക് മേഖലകളിൽ നടക്കുന്ന ചർച്ചകളുടെ പൊതു പ്രവണത പരിശോധിക്കുമ്പോൾ വളരെ നിർണ്ണായകമായ ചില നിഗമനങ്ങൾ അസദ് ഉരുത്തിരിച്ചെടുക്കുന്നു. ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ജനകീയമാവുന്നു. മനുഷ്യജീവിതത്തിന്റെ വിശാലതകളെ സ്വാംശീകരിക്കുന്നു. ജനസേവന പ്രവർത്തനങ്ങൾ നടത്തുന്ന ഇസ്‌ലാമിക പ്രസ്ഥാനത്തെ കാലം തെറ്റി പ്രവർത്തിക്കുന്ന ഫ്യൂഡൽ മതബോധത്തിന്റെ ചിന്താപരിധിക്കകത്ത് ഉൾക്കൊള്ളിക്കാൻ പടിഞ്ഞാറൻ ധിഷണ നന്നെ പ്രയാസപ്പെടുന്നു. ജനകീയ രാഷ്ട്രീയത്തിന്റെ പരമ്പരാഗത വഴികളിൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ നിലയുറപ്പിക്കുമ്പോൾ സംശയത്തിന്റെ വാൾമുന സ്വാഭാവികമായും ഉയർന്നുവരുന്നു. കേവലം ഇസ്‌ലാമോഫോബിയ എന്നു പറഞ്ഞൊഴിയാൻ കഴിയാത്തവിധം സങ്കീർണമാകുന്ന കാര്യങ്ങൾ. സിവിൽ സൊസൈറ്റിയെയും പൊളിറ്റിക്കൽ സൊസൈറ്റിയെയും അസാമാന്യ മെയ്വഴക്കത്തോടെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പലരീതിയിൽ സ്വാംശീകരിക്കുന്നു. ഭീകരവാദി, വർഗീയവാദി, മതമൗലികവാദി എന്നീ വിളിപ്പേരുകൾ ഉണ്ടാവുന്നത് വൈവിധ്യപൂർണമായ ജ്ഞാനങ്ങളിലൂടെ ഇസ്‌ലാമിനെ പടിഞ്ഞാറ് സമീപിക്കുന്നതുകൊണ്ടാണ്. ആശയ കാലുഷ്യങ്ങളുടെ ഉൽപ്പന്നമാണ് ഈ വിളിപ്പേരുകൾ. ഇങ്ങനെ ഇസ്‌ലാമിനെ പടിഞ്ഞാറ് സ്ഥാനപ്പെടുത്തിയതിന്റെ രീതി മാതൃകകൾ അസദിന്റെ ചർച്ചാ വിഷയമാണ്.

മൗലികമായ പ്രശ്നം ആധുനികതയുടെ വീക്ഷണകോണിൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പ്രതിനിധീകരിക്കപ്പെടുന്നു എന്നതാണ്. തീർച്ചയായും ആധുനികതയുടെ അച്ചുകൂടത്തിൽ ഇസ്‌ലാമിന്റെ വക്രപ്രതിനിധാനം തന്നെയാണ് സംഭവിക്കുക. ആധുനികത, പാരമ്പര്യം ഇവയുടെ യൂറോ കേന്ദ്രിതമായ പരിസരത്തുനിന്നു ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ പരിഗണിക്കുമ്പോൾ സംഭവിക്കുന്ന നിരവധി ദൗർബല്യങ്ങളുണ്ട്. ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ നിലകൊള്ളുന്ന സവിശേഷ പരിസരത്തെ - ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ മോഡേണിറ്റിയും പാരമ്പര്യവും അഭിമുഖീകരിക്കാനുള്ള ശേഷി-നിരൂപകർ നഷ്ടപ്പെടുത്തുന്നു. സ്വാഭാവികമായും യാഥാസ്ഥിതിക മതേതര ബൗദ്ധികതക്ക് സംഭവിക്കുന്ന മുൻഗണനാ രാഹിത്യമാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ വാർപ്പുമാതൃകകളിലേക്ക് ചുരുങ്ങാൻ കാരണം. ഇസ്‌ലാമിന്റെ പാരമ്പര്യവും ചരിത്രപരമായ പുരോഗതിയും സ്ഥലകാലത്തിനകത്തെ നിശ്ചിതത്വവും നിശ്ശബ്ദമാക്കപ്പെടുകയും ആധുനികതയുടെ പാരമ്പര്യമായ ലിബറലിസം പ്രതിഷ്ഠനേടുകയും ചെയ്തു. ഇതു സൃഷ്ടിച്ച കാഴ്ചയുടെ പ്രശ്നങ്ങളിൽ നിന്നും പുറത്തുകടക്കാനുള്ള ശേഷി വിമർശകർ

പുലർത്തുന്നില്ല.

തലാൽ അസദ് പറയുന്നതുപോലെ പാരമ്പര്യം എന്നത് സാമൂഹിക ജീവിതത്തിന്റെ പ്രത്യേക അവസ്ഥാന്തരമാണ്. സാമൂഹിക പുരോഗതിയുടെ പ്രത്യേക ഘട്ടമല്ല. കാലികമായ രണ്ടു ചരിത്രഘട്ടങ്ങൾക്കകത്താണ് പടിഞ്ഞാറൻ ആധുനികതയുടെ പാരമ്പര്യവും ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ പാരമ്പര്യവും പ്രവർത്തിക്കുന്നത്. ഇന്ന് ആധുനികമെന്നു പറയപ്പെടുന്ന പടിഞ്ഞാറൻ ചരിത്രത്തിനകത്ത് പാരമ്പര്യത്തിന്റെ നിരവധി ഘടകങ്ങളുണ്ട്. പാരമ്പര്യവും ആധുനികതയും എതിർനിൽക്കുകയല്ല. പാരമ്പര്യവും ആധുനികതയും പടിഞ്ഞാറിന്റെ കാലിക ചരിത്രത്തിനകത്താണ് പ്രവർത്തിക്കുന്നത്. ഈ അനുഭവ മാതൃകകളുടെ ഉൽപ്പന്നമാണ് ഇന്ന് ഇസ്‌ലാമിക പ്രസ്ഥാനങ്ങളെക്കുറിച്ച കാഴ്ചപ്പാട് രൂപപ്പെടുത്തുന്നത്. ആധുനികമെന്ന പേരിൽ പടിഞ്ഞാറ് ഉദ്ദേശിച്ച പ്രത്യേക പാരമ്പര്യമുണ്ട്. എന്നാൽ, ഈ ഉദ്ദേശ്യത്തിന് പുറത്തു നിൽക്കുന്നവയാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ.

ആധുനികത നിലനിൽക്കുന്നത് ഏക ചരിത്ര ബോധത്തിന്റെയകത്തല്ല; നിരവധി ചരിത്രങ്ങൾക്കകത്താണ്. എന്നാൽ ആധുനികതയുടെ സ്വയം വിമോചക വേഷം പ്രസ്തുത ബഹുസ്വരതയെ റദ്ദാക്കി. മെഷേൽ ഫൂക്കോ ഈ പ്രശ്നത്തെ അഭിമുഖീകരിക്കാൻ ശ്രമിച്ചിരുന്നു.

അസദ് നിർണായക വഴിത്തിരിവ് സൃഷ്ടിക്കുന്നത് പൂർവ ആധുനികം, ആധുനികം, ഉത്തരാധുനികം എന്ന രേഖീയ ചരിത്ര രചനാ രീതിയെ കൈയ്യൊഴിച്ചാണ്. അഥവാ ആധുനികതക്കകത്തെ പ്രശ്നങ്ങൾ ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ വികാസവുമായി ബന്ധപ്പെടുത്തി നിരീക്ഷിക്കുമ്പോൾ പ്രസ്തുത വർഗീകരണം കൃത്യമായ ഒരു വിശകലനോപാധിയല്ല. ആധുനികത തന്നെ നിരവധി സങ്കീർണതകൾ സൃഷ്ടിച്ചു പോവുന്ന സന്ദർഭത്തിൽ നിരവധി ഘടകങ്ങളുടെ - പൂർവ ആധുനികവും ഉത്തരാധുനികവുമായ- കലർപ്പുകളെ അഭിസംബോധന ചെയ്യാൻ പരമ്പരാഗത പടിഞ്ഞാറൻ ചരിത്രാവലോകന രീതിയിൽ മുൻവിധികൾ അനുവദിക്കുന്നില്ല. രേഖീയ ചരിത്രാവലോകനരീതിയെ പടിഞ്ഞാറൻവൽക്കരണത്തിനുള്ള പ്രത്യയശാസ്ത്രമായി അസദ് വിശദീകരിക്കുന്നു. ആധുനികതക്കകത്തെ സങ്കീർണതകൾ സ്വയം വിലയിരുത്താനും അതിനകത്തെ ഘടകങ്ങളെ നിർധാരണം ചെയ്യാനുമുള്ള അവസരമാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങളുമായുള്ള വിനിമയത്തിലൂടെ പടിഞ്ഞാറിനു കൈവന്നിരുന്നത്. സമൂഹത്തെയും ചരിത്രത്തെയും ആധുനികമെന്ന് വിളിക്കാനുള്ള മാനദണ്ഡം എങ്ങനെയാണ് രൂപപ്പെടുന്നതെന്ന് അന്വേഷിക്കാൻ തലാൽ അസദ് ആവശ്യപ്പെടുന്നുണ്ട്.

പടിഞ്ഞാറുനിന്നു വീക്ഷിക്കുമ്പോൾ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ചരിത്രത്തെ പുറകോട്ടു വലിക്കുന്നു. ഭാവിയെ സ്വയംഹത്യക്ക് വിധേയമാക്കുന്നു. പക്ഷേ ഭാവി രൂപപ്പെടുത്താനും ആഗ്രഹിക്കാനുമുള്ള ഇടമാണ്. ചരിത്രമെന്നത് എല്ലാ ആഗ്രഹ ചിന്തകൾക്കുമപ്പുറത്തെ യാഥാർഥ്യമാണ്. അതായത് പ്രീമോഡേൺ എന്നു പടിഞ്ഞാറു പറയുമ്പോൾ പടിഞ്ഞാറൻ ചരിത്രത്തിനകത്തു നിന്നാണ് കാര്യങ്ങൾ കാണുന്നത്. അങ്ങനെ രൂപപ്പെട്ട ചരിത്രം ജനതയുടെ ആകെ ചരിത്രമല്ല. ഇത് തിരിച്ചറിയുന്ന പോസ്റ്റ് കൊളോണിയൽ പഠനങ്ങൾ ലിബറൽ പാരമ്പര്യത്തെ നിരവധി കോണുകളിൽ നിന്ന് പുതുക്കി പണിയുന്നുണ്ട്.


ഹമീദ് ദബാശ്

**വർഗബോധം ചരിത്രത്തിനകത്തെ നിർണായക ഘടകമല്ല. പ്രത്യേക ചരിത്രാനുഭവമാണ്. ആ ചരിത്രത്തിന്റെ വായനയെ നിത്യഹരിത സത്യമായി സമീപിച്ചു എന്നതാണ് അടിസ്ഥാനപരമായ മാർക്സിയൻ ദുരന്തം. ഇതിനനുബന്ധമായി നടത്തിയ വർഗീകരണങ്ങൾ നിരവധി തെറ്റായ വഴക്കങ്ങളെ പ്രോത്സാഹിപ്പിക്കുകയാണുണ്ടായത്.**

നമ്മോടു ഉറപ്പിച്ചു ചേർത്ത ആധുനികതയുടെ ഭാരങ്ങൾ നാം കുടഞ്ഞെറിയേണ്ടതുണ്ട്. നമ്മുടെ ആധുനികതക്കകത്തുനിന്നുതന്നെ നാം നിരന്തരം സ്വയം അന്വേഷിക്കണം. നിശ്ചിത സാംസ്കാരിക മാതൃകകൾ അവയുടെ സവിശേഷ മാനദണ്ഡങ്ങൾക്കകത്തു സമീപിക്കുന്നതാണുചിതം.

അങ്ങനെവരുമ്പോൾ വർഗബോധം ചരിത്രത്തിനകത്തെ നിർണായക ഘടകമല്ല. പ്രത്യേക ചരിത്രാനുഭവമാണ്. ആ ചരിത്രത്തിന്റെ വായനയെ നിത്യഹരിത സത്യമായി സമീപിച്ചു എന്നതാണ് അടിസ്ഥാനപരമായ മാർക്സിയൻ ദുരന്തം. ഇതിനനുബന്ധമായി നടത്തിയ വർഗീകരണങ്ങൾ നിരവധി തെറ്റായ വഴക്കങ്ങളെ പ്രോത്സാഹിപ്പിക്കുകയാണുണ്ടായത്.

## മതം മതേതരത്വം: പുതിയ സംവാദം

ഇന്നുകാണുന്ന മതപ്രസ്ഥാനങ്ങൾ തന്നെ ആധുനികതയുടെ ഉൽപന്നമാണ്. ആധുനിക പൂർവ സാഹചര്യങ്ങളുടേതല്ല. ആധുനികതക്കകത്തെ സാഹചര്യങ്ങളിലാണ് ലിബറലും ഫണ്ടമെന്റലുമായ മൂവ്മെന്റുകൾ നിലകൊള്ളുന്നതെന്ന ഭാഷ്യം അസദിന്റെ ചിന്തയുടെ അനന്യതയാണ്.

മതം എന്നത് കാലത്തിനനുരൂപമായ ഒന്നല്ല. മതം കാലത്തിനനുസൃതമായി വായിക്കുമ്പോൾ മതത്തിന്റെ ബഹുമുഖസ്പർശിയായ പ്രബോധനങ്ങൾ വിസ്മരിക്കപ്പെടുന്നു. എന്നാൽ മതം ചരിത്രത്തിൽ നിർവചിക്കപ്പെടേണ്ടതുണ്ട്. ഈ നിർവചനങ്ങൾക്കകത്ത് മതം ഒതുക്കപ്പെടുന്നില്ല എന്നതും ശരിയാണ്. നിരന്തരം മാറികൊണ്ടിരിക്കുന്ന മതത്തിന്റെ യാഥാർഥ്യമാണ് അസദ് അന്വേഷിക്കുന്നത്.

മതവും മതേതരത്വവും അഥവാ സ്വകാര്യജീവിതവും പൊതുജീവിതവും തമ്മിലുള്ള ബന്ധത്തിന്റെ പ്രശ്നങ്ങൾ അസദ് ചർച്ച ചെയ്യുന്നു. ആധുനികതയും മതേതരത്വവും ലളിത സമവാക്യങ്ങളാകുന്നില്ല. മറിച്ച് നിരവധി വഴികളിലൂടെയും ദിശാമാറ്റങ്ങളിലൂടെയും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. സെക്യുലർ ഗവൺമെന്റുകൾക്കകത്ത് മതഘടകങ്ങൾ ഉണ്ട്. അമേരിക്ക, ബ്രിട്ടൺ എന്നിവ ഉദാഹരണങ്ങളാണ്. അപ്പോൾ മതേതരത്വം അത്രമേൽ മതേതരമാവുന്നില്ല. തീർച്ചയായും നിരവധി വൈവിധ്യമാർന്ന രൂപാന്തരീകരണം മതേതരത്വത്തിനും ആധുനികതക്കും സംഭവിക്കുന്നുണ്ട്. മതവും തഥൈവ. അസദിന്റെ പുസ്തകങ്ങൾ ഈ മാറ്റത്തെക്കുറിച്ച ധാരണകൾ പങ്കുവെക്കുന്നു.

## ലിബറലിസം, ബഹുസ്വരത, ഇസ്‌ലാം

മതം വേറെ മതേതരത്വം വേറെ എന്നതിനകത്ത് മറ്റൊരു പ്രശ്നംകൂടിയുണ്ട്. മതേതര ഭരണകൂടത്തിന്റെ രൂപീകരണം മതത്തെ അപരവൽക്കരിച്ചാണ്. മതം എന്ന അപരത്വം നിർണയിക്കപ്പെടുന്ന മതേതരത്വത്തിനകത്താണ് ലോകത്തെ ദേശരാഷ്ട്രങ്ങൾ നിർണയിക്കപ്പെട്ടിട്ടുള്ളത്.

പൊതുജീവിതത്തെയും സ്വകാര്യജീവിതത്തെയും ഈ അർഥത്തിൽ മതം നിർണയിക്കുന്നുണ്ട്. അതിനാൽ മതം സ്വകാര്യജീവിതത്തിനകത്ത്, മതേതരത്വം പൊതു ജീവിതത്തിനകത്ത് എന്ന സമവാക്യരൂപീകരണം കാര്യങ്ങളെ ശരിയായ രീതിയിൽ വിലയിരുത്തുന്നവരുടെ പരിഗണനയർഹിക്കുന്നില്ല.

ലിബറലിസം ആധുനികതയുടെയും പാരമ്പര്യത്തിന്റെയും മിശ്രിതമാണ്. പാശ്ചാത്യ ആധുനികതയുടെ കേന്ദ്ര പ്രവണതയെ നിർണയിക്കുന്ന 'പാരമ്പര്യ' മാണ് ലിബറലിസം. ഈ പാരമ്പര്യത്തിനകത്തുവെച്ചാണ് ഇസ്‌ലാമിനെകുറിച്ച നയങ്ങൾ രൂപപ്പെടുത്തുന്നത്. യൂറോപിതര സമൂഹങ്ങളിലെ 'പാരമ്പര്യ' സമൂഹത്തെക്കുറിച്ച നിരൂപണം രൂപപ്പെടുന്നതിന്റെ പശ്ചാത്തലവും ഇതുതന്നെ. അതുകൊണ്ടാണ് പാരമ്പര്യത്തെകുറിച്ച കാഴ്ചപ്പാടുകൾ പുനഃപരിശോധിക്കണമെന്ന് തലാൽ അസദ് പറയുന്നതിന്റെ സാംഗത്യം.

ഇതിനോട് കൂട്ടിവായിക്കേണ്ടതാണ് ഏഷ്യാറ്റിക് സമൂഹത്തെക്കുറിച്ച പരമ്പരാഗത മാർക്സിയൻ ധാരണകൾ ഇന്നു വിപുലമായ തോതിൽ വിമർശിക്കപ്പെടുന്നു എന്ന വസ്തുത. ആധുനിക സാഹചര്യങ്ങളെ ഇസ്‌ലാമിക പാരമ്പര്യങ്ങളുമായി ചേർത്തുവെക്കാനുള്ള പ്രവണതയാണ് ഇസ്‌ലിക നവോത്ഥാന സംരംഭങ്ങൾ. ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സമകാലിക ദേശരാഷ്ട്രം, പൊതു സമ്മതി ഇവയോടു സ്വീകരിക്കുന്ന നിലപാടാണ് അസദ് പരിശോധിക്കുന്നത്. ഇസ്‌ലാമിക ചിന്ത ദേശരാഷ്ട്ര കേന്ദ്രീകൃതമായ കാഴ്ചപ്പാടുകളുടെ പരിമിതി തിരിച്ചറിയണമെന്ന് അസദ് ആഹ്വാനം ചെയ്യുന്നു. ഇസ്‌ലാമിക നവജാഗരണത്തിന്റെ ആദ്യകാല ചടുതലയോടെ തന്നെ പുതിയ രാഷ്ട്രീയ പ്രകൃതത്തെ മനസ്സിലാക്കാനുള്ള ശ്രമം നടക്കേണ്ടതുണ്ട്. ആധുനിക ദേശരാഷ്ട്രങ്ങളുടെ സങ്കേതങ്ങൾക്കകത്ത് മുസ്‌ലിംകൾ ഭരണം കൈയാളുന്നതോടെ സർവ പ്രശ്നങ്ങൾക്കും പ്രതിവിധിയുണ്ടാവുമെന്ന ചിന്ത കൈവെടിയണം. ഇത്തരം ശ്രമങ്ങളെ അസദ് വിലയിരുത്തുന്നു. ജനാധിപത്യവുമായുള്ള ഇസ്‌ലാമിക ലോകത്തിന്റെ കൊടുക്കൽ വാങ്ങലുകളെകുറിച്ച റാശിദ് ഗനൂശിയുടെ നിരീക്ഷണങ്ങൾ അസദ് തിരിച്ചറിയുന്നുണ്ട്. പാരമ്പര്യത്തെ രാഷ്ട്രീയമായി ചലനാത്മകമാക്കാനുള്ള ശ്രമമാണ് ഗനൂശി നടത്തുന്നത്. ഇസ്‌ലാമിന്റെ രാഷ്ട്രീയ വ്യാഖ്യാനങ്ങൾ തള്ളാനും കൊള്ളാനും ജനാധിപത്യക്രമത്തിനകത്ത് സാധ്യമാകേണ്ടതുണ്ടെന്ന ഗനൂശിയുടെ നിലപാടുകളെ അസദ് സ്വീകരിക്കുന്നു. നിരന്തരമായ പുനർ വായനകളിലൂടെ ഇസ്‌ലാമിക ചിന്ത കരുത്തു നേടുമെന്ന് അസദ് പ്രത്യാശിക്കുന്നു. ഈ പുനർവായന ഇസ്‌ലാമിന്റെ ഗവേഷണ പാരമ്പര്യ(ഇജ്തിഹാദ്)ത്തിനകത്താണ് നിലനിൽക്കുന്നത്. ഇജ്തിഹാദിനെ കേവല വാഗ്വാദങ്ങളിലുപരി ഗൗരവതരമായ ആഭ്യന്തര സംവാദങ്ങളുടെ വേദിയാക്കേണ്ടതുണ്ട്.

ബഹുസ്വരത ആധുനിക ലിബറൽ മൂല്യമല്ല. ലിബറൽ ആധുനികത സൈദ്ധാന്തികവൽക്കരിച്ചത് വ്യക്തിതാൽപര്യങ്ങളുടെ ബഹുസ്വരതയാണ്. ജനാധിപത്യരാജ്യങ്ങളിൽ മത-വംശീയ ന്യൂനപക്ഷങ്ങളുടെ പ്രതിനിധാനങ്ങൾ ഇന്നും പുതിയ ലിബറൽ സൈദ്ധാന്തികരുടെ മുമ്പിൽ പ്രശ്നമായി അവശേഷിക്കുന്നു. ലിബറലിസത്തിന്റെ ആത്യന്തിക വ്യക്തിവാദം തന്നെയാണ് ലിബറൽ ബഹുസ്വരതയുടെ അടിസ്ഥാനം. ലിബറലിസത്തിന്റെ നിരവധി താൽപര്യങ്ങളിലൊന്നാണ് ബഹുസ്വരത.

സൈദ്ധാന്തികമായി ഇസ്‌ലാമിക പാരമ്പര്യത്തിനകത്ത് മതപാരമ്പര്യങ്ങളുടെയും സാമൂഹിക സംഘാടനത്തിന്റെയും ബഹുസ്വരതയാണ് നിലവിലുള്ളത്. വ്യാഖ്യാനങ്ങളുടെ ബഹുസ്വരതയെ ഇസ്‌ലാം ഉയർത്തിപ്പിടിക്കുന്നതായി അസദ് പറയുന്നു. അസദ് ഉയർത്തിപ്പിടിക്കുന്നത് 'ഇഖ്തിലാഫുൽ ഉമ്മഃ റഹ്മഃ' എന്ന ആശയമാണ്. അഥവാ സമൂഹത്തിലെ അഭിപ്രായ വ്യത്യാസങ്ങൾ അനുഗ്രഹമാണ്. ബല പ്രയോഗത്തിൽ നടക്കുന്ന ഏകഭാഷണ അധികാരവ്യവസ്ഥയല്ല. മറിച്ച് സംവാദങ്ങളിലൂടെ രൂപപ്പെടുത്തേണ്ട ബോധ നിർമിതിയാണ് ഇസ്‌ലാമിക പാരമ്പര്യത്തിലെന്ന് അസദ് വിവരിക്കുന്നു.

ഇസ്‌ലാമിക പാരമ്പര്യത്തിനകത്ത് നിരവധി പ്രശ്നങ്ങളിൽ ബഹുസ്വരതയുടെ നൈതിക ബോധ്യങ്ങൾ അന്യം നിന്നിട്ടുണ്ട് എന്ന വസ്തുതയും അസദ് എടുത്തുകാട്ടുന്നു.

ഇസ്‌ലാമിക പാരമ്പര്യത്തിനകത്ത് സുന്നീ-ശീഈ, സ്വൂഫി-സലഫി ഭിന്നതകൾ വ്യത്യസ്ത ആംഗിളുകളിൽ നിലനിൽക്കുന്ന ബഹുസ്വര നാഗരികതയുടെ ഏറ്റകുറച്ചിലുകളോടെയുള്ള പ്രതിനിധാനങ്ങളാണ് എന്ന് ദീർഘമായി ഉപന്യസിക്കുകയും ചെയ്യുന്നുണ്ട് അദ്ദേഹം.

## സമകാലികതയോടുള്ള പ്രതികരണങ്ങൾ

മൂന്നാം ലോകത്തിനുമേലുള്ള സാമ്രാജ്യത്വ അജണ്ടകളെ നിശിതമായി അസദ് വിമർശിക്കുന്നു. ഉദാരീകരണ നയങ്ങളിലൂടെ മൂന്നാം ലോകത്ത് അസമത്വത്തിന്റെയും അസമാധാനത്തിന്റെയും ഉൽപാദനമാണ് നടക്കുന്നത്. പടിഞ്ഞാറൻ ധനകാര്യ ഏജൻസികൾ സൃഷ്ടിക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾ വിലയിരുത്താൻ പാശ്ചാത്യർ ആദ്യം തയാറാകണം.

ഇസ്‌ലാമിക പാരമ്പര്യങ്ങൾക്കകത്ത് നടക്കുന്ന നിരവധി അന്വേഷണങ്ങളോട് അമേരിക്കയുടെ സമീപനങ്ങളെകുറിച്ച് അസദ് ബോധവാനാകുന്നുണ്ട്. അമേരിക്ക പ്രോൽസാഹിപ്പിക്കുന്ന ബഹുസ്വരതയും തന്റെ ബഹുസ്വരതയും തമ്മിലുള്ള വ്യത്യാസം അസദ് വ്യക്തമാക്കുന്നുണ്ട്. അമേരിക്കക്ക് രാഷ്ട്രീയമായി ഉപയോഗപ്പെടുത്താവുന്ന കാഴ്ചപ്പാടുകൾ മത-മതേതര വിഭജനങ്ങളില്ലാതെ അവർ പ്രോത്സാഹിപ്പിക്കുന്നു. തോമസ് ഫ്രീഡ്മാനെപ്പോലുള്ളവർ 'നമ്മളു'ടെ വീക്ഷണകോണുകളിലൂടെ കാര്യങ്ങൾ കാണുന്നു. 'നമ്മൾ' 'അവരി'ൽ നിന്നു വ്യത്യാസപ്പെടുന്നതെവിടെയാണെന്ന് അന്വേഷിക്കാൻ അവർക്കു സാധിക്കാത്തതാണ് നിസ്സഹായതയും അടഞ്ഞ കാഴ്ചപ്പാടുമെന്ന് അസദ് വിമർശിക്കുന്നു. അമേരിക്കയുടെ ഏക മുഖ ജീവിത പദ്ധതിക്കു ജൈവ പ്രകൃതിയിൽ നിലനിൽപ്പില്ല എന്ന സത്യം പുതിയ ശുഭാപ്തിവിശ്വാസങ്ങൾ പകർന്നു നൽകുന്നു. ഇർശാദ് മൻജി അടക്കമുള്ളവർ പുലർത്തുന്ന കാഴ്ചപ്പാടുകളെ മുൻനിറുത്തി ഭരണകൂടത്തിന്റെ ഉപകരണങ്ങളായിരിക്കുന്ന ബുദ്ധിജീവികളുണ്ടെന്നും അമേരിക്കനൈസേഷന്റെ വഴിയിൽ അവർ അണിചേരുന്നുണ്ടെന്നും അസദ് മനസ്സിലാക്കുന്നു. നമ്മൾ നിലനിൽക്കുന്ന ലോകം നാം മനസ്സിലാക്കുന്നതിനേക്കാൾ ഇരുളടഞ്ഞതാണ്. അക്രമകാരികളായ ഭരണാധികാരികളെ തെളിഞ്ഞ ചിന്തകൊണ്ടെങ്കിലും ശല്യപ്പെടുത്താൻ നമുക്ക് സാധിക്കേണ്ടതാണെന്ന് അസദ് പറയുന്നു. ■

Notes

1. Interview with Narmeen Sheikh. ( Present as History)
2. Interview with Saba Mahmood / Stanford Humanities review
3. On Suicide Bombing - Talal Asad, Seagull books, Culcutta
4. Key concept in post colonial literature
5. എസ്.ഐ.ഒ. സംവേദന വേദി 'മലബാർ ദേശീയതയുടെ ഇട-പാടുകൾ' എന്ന പുസ്തകത്തെ ആസ്പദിച്ച് നടത്തിയ സംവാദത്തിൽ പങ്കെടുത്ത് എം.ടി. അൻസാരി നടത്തിയ ഉപസംഹാരം.